**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1638 — 10/02/2020-ൽ മറുപടിയ്ക്ക്

**ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കന്യാകുളങ്ങര സി.എച്ച്.സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2018-2019 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെയായും ആരംഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | എ) | കന്യാകുളങ്ങര സി.എച്ച്.സി യ്ക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇ - ടെണ്ടർ മുഖാന്തരം തദ്ദേശസ്വയം ഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മുഖേന ടെണ്ടർ ചെയ്യുകയും, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ ഉടമ്പടി ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, കെട്ടിട നിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിലവിലുള്ള ഒരു പഴയ കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സി.എച്ച്.സി വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ വരുന്ന സ്ഥാപനമാണ്. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാല്യുവേഷൻ തയ്യാറാക്കി പലതവണ ലേലം വിളിക്കുകയും, ഇപ്പോൾ ഒരാൾ ലേലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ? | ബി) | ലേലത്തുക 07.02.2020 ൽ അടച്ച്, എത്രയും പെട്ടെന്ന് കെട്ടിടം പൊളിച്ച് മാറ്റുന്നതിന്, ലേലം ഏറ്റെടുത്തയാൾക്ക് വാമനപുരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടം പൊളിച്ചുമാറ്റിയാൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ